കാട്ടുതീ മൂലമുള്ള നഷ്ടം

109 [1243] ശ്രീ. വി. ജെ. പൗലോസ്:
" ടി. എൻ. പ്രതാപൻ:
" തേറമ്പിൽ രാമകൃഷ്ണൻ:
" ടി. യു. രാധാകൃഷ്ണൻ:
" എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷമുണ്ടായ കാട്ടുതീമൂലം വന്യമൃഗങ്ങൾക്ക് നാശമുണ്ടായിട്ടുണ്ടോയെന്നും എത്ര തുകയ്ക്കുള്ള തടി കത്തി നശിച്ചിട്ടുണ്ടെന്നും എന്തെല്ലാം പരിസ്ഥിതി പ്രശ്നങ്ങളുണ്ടായിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) മൺസൂൺ കാലത്ത് ഇതുമായി ബന്ധപ്പെട്ട എന്തെല്ലാം പ്രശ്നങ്ങൾ ഉടലെടുക്കാനിടയുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കാട്ടുതീമൂലം വന്യമൃഗങ്ങൾക്ക് നാശമുണ്ടായിട്ടില്ല. തടികൾ ഒന്നും കത്തി നശിച്ചിട്ടില്ല. അടിക്കാടുകൾ മാത്രമേ കത്തി നശിച്ചിട്ടുള്ളൂ. ആയതിനാൽ പരിസ്ഥിതി പ്രശ്നങ്ങളൊന്നും തന്നെ ഉണ്ടായിട്ടില്ല. കാരണം ഈ പ്രദേശങ്ങളിൽ മഴക്കാലത്ത് വീണ്ടും പുല്ലു മുളച്ച് പൂർവ്വസ്ഥിതി രൂപപ്പെടും.

(ബി) കത്തിപ്പോയ അടിക്കാടുകൾ മൺസൂൺ കാലത്ത് മുളച്ചു വരുന്നതിനാൽ മറ്റു പരിസ്ഥിതി പ്രശ്നങ്ങൾ ഉടലെടുക്കാൻ സാധ്യതയില്ല.

ചന്ദനമോഷണ കേസുകളും ചന്ദനക്കട്ടികളുടെ ഇറക്കുമതിയും

110 [1244] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര ചന്ദനമോഷണ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) കേരളത്തിലിപ്പോൾ അംഗീകാരമുള്ള എത്ര ചന്ദന ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ട്;

(സി) എത്ര ലിറ്റർ ചന്ദനതൈലം പ്രതിവർഷം ഉൽപ്പാദിപ്പിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) കേരളത്തിലിപ്പോൾ അനധികൃതമായി ചന്ദന ഫാക്ടറികൾ പ്രവർത്തിക്കുന്നതായി സർക്കാർ ഏജൻസികൾ കണ്ടെത്തിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അവ എത്രയെണ്ണമുണ്ടെന്നും കുറ്റക്കാരുടെ മേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) വിദേശത്തുനിന്നും ചന്ദനക്കട്ടികൾ കേരളത്തിലേക്ക് ഇറക്കുമതി ചെയ്യുന്നുണ്ടോ;

(ജി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കിലോഗ്രാം ചന്ദനക്കട്ടികൾ ഇറക്കുമതി ചെയ്തിട്ടുണ്ട് എന്ന് അറിയിക്കാമോ?

ഉത്തരം

(എ) 1127 ചന്ദന മോഷണകേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്തിനകത്ത് വനം വകുപ്പിന്റെ അംഗീകാരമുള്ള ചന്ദന ഫാക്ടറികൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല.

(സി) ചന്ദന ഫാക്ടറികൾക്ക് വനം വകുപ്പ് അംഗീകാരം നൽകിയിട്ടില്ലാത്ത സാഹചര്യത്തിൽ ഇതു സംബന്ധിച്ച കണക്കുകൾ ലഭ്യമല്ല.

(ഡി) ഉണ്ട്.

(ഇ) സംസ്ഥാനത്തെ 14 അനധികൃത ഫാക്ടറികളിൽ 4 എണ്ണം മാത്രമാണ് ഇപ്പോൾ പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുള്ളത്. ഇവയ്ക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് നിയമാനുസൃത നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) ചന്ദനക്കട്ടികൾ ഇറക്കുമതി ചെയ്തിട്ടില്ല. എന്നാൽ ടാൻസാനിയായിൽ നിന്നും 'ടാൻസാനിയൻ സാന്റൽ' എന്ന പേരിൽ 'സൈറസ്' ഇനത്തിൽപ്പെട്ട കുറ്റിച്ചെടിയുടെ വേരും മറ്റും ഇറക്കുമതി ചെയ്തിട്ടുണ്ട്.

(ജി) 13,000 കിലോഗ്രാം 'ടാൻസാനിയൻ സാന്റൽ' ഇറക്കുമതി ചെയ്തിട്ടുണ്ട്.

കാട്ടുതീ മൂലം നശിച്ച വനഭൂമിയുടെ നഷ്ടം

111 [1245] ശ്രീ. സാജു പോൾ:

" ടി. പി. രാമകൃഷ്ണൻ:

" കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 6 മാസത്തിനുള്ളിൽ കാട്ടുതീമൂലം വയനാട്, ഇടുക്കി, പാലക്കാട്, കാസർഗോഡ് എന്നിവിടങ്ങളിൽ എത്ര ഏക്കർ വനഭൂമി വീതം നശിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ കാലയളവിൽ സംസ്ഥാനത്ത് കാട്ടുതീമൂലം ഉണ്ടായിട്ടുള്ള നഷ്ടം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly